# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2125 17.06.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീമതി. കെ. എസ്. സലീഖ

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## റവന്യൂ കമ്മി

| | | |
|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷം റവന്യൂ കമ്മി കുത്തനെ ഉയർന്നത് ധനവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഇത് ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായി; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ആഭ്യന്തര ഉല്പാദനത്തിന്റെ 2.56 ശതമാനമാണ്. |
| (സി) | ഇത് എത്ര കോടി രൂപ; ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ എത്ര കൂടുതൽ; വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം റവന്യൂ കമ്മി 10298.31 കോടി രൂപയാണ് ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ 8028.34 കോടി രൂപ അധികമാണ്. 2013-14-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ കമ്മിയിലെ വർദ്ധനവ് 4089.96 കോടി രൂപ ആണ്. |
| (ഡി) | ടി വർഷം നികുതി വരുമാനത്തിൽ ലഭിച്ച ആകെ തുക എത്ര; പ്രതീക്ഷിച്ച നികുതി വരുമാനം എത്രയായിരുന്നു; എത്ര കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്; വ്യക്തമാക്കുമോ; | 2013-14 സാമ്പത്തിക വർഷം ലഭിച്ച ആകെ നികുതി വരുമാനം 39462.71 കോടി രൂപ ആണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഈയിനത്തിൽ പ്രതീക്ഷിച്ച വരുമാനം 43686.75 കോടി രൂപയാണ്. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ 4224.04 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. |
| (ഇ) | നികുതി വരുമാനം കുറഞ്ഞതാണ് റവന്യൂ കമ്മി ഉയരാൻ കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ 2014-15 നടപ്പുവർഷം ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായ കുറവും, കേന്ദ്ര നികുതി വിഹിതവും ധനസഹായവും പ്രതീക്ഷിച്ചത്ര ലഭിക്കാത്തതുമാണ് റവന്യൂ കമ്മി വർദ്ധിക്കാൻ പ്രധാന കാരണം. വിവിധ സ്രോതസ്സുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന റവന്യൂ വരുമാനം |

വർദ്ധിപ്പിച്ചും വികസനേതര റവന്യൂ ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും റവന്യൂ കമ്മി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും നികുതി-നികുതിയേതര വരവിനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം 11.10.2013 ലെ സ.ഉ(പി) നം.515/13/ധന പ്രകാരം പുറപ്പെടുവിച്ച്, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഫീസ്, ചാർജ് മുതലായവ കാലികമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28.04.2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് (G.O(P)No.151/2014/Fin) തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ